LIBRARY ARCHIVES Kerala Legislative Assembly

ഭക്തിയും വിശ്വാസവും രാഷ്ട്രീയനേട്ടത്തിനായി

205 (3716) ശ്രീ. എം. എ. ബേബി :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളുടെ ഭക്തിയും വിശ്വാസവും രാഷ്ട്രീയനേട്ടത്തിനായി ദുരുപയോഗപ്പെടുത്തുന്നതായ സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനായി ചില വർഗ്ഗീയ സംഘടനകൾ സംസ്ഥാനത്ത് നടത്തി വരുന്ന ശ്രമങ്ങളും ആസൂത്രണങ്ങളും തിരിച്ചറിഞ്ഞിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശ്ശിക്കുന്ന നടപടികൾ വെളിപ്പെടുത്തുമോ ;

(സി) വർഗീയവാദത്തിനും മതജാതി യാഥാസ്ഥിതികത്വത്തിനും അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരായി പുരോഗതി പ്രാപിച്ച കേരളത്തിൽ മതനിരപേക്ഷതയുടേയും പുരോഗതിയുടേയും മൂല്യങ്ങൾ വെല്ലുവിളിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ജാതീയതയും മതവർഗ്ഗീയതയും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പുനരുജ്ജീവിപ്പിക്കപ്പെടാതിരിക്കാൻ സ്വീകരിക്കുന്ന നടപടി വിശദമാക്കുമോ ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) മതവർഗ്ഗീയ സ്പർദ്ധകൾ ഉണ്ടാകാതിരിക്കാനും എല്ലാ വിഭാഗങ്ങളും തമ്മിലുള്ള ഐക്യം ശക്തിപ്പെടുത്തുന്നതിനും അന്ധവിശ്വാസങ്ങളേയും അനാചാരങ്ങളേയും ഇല്ലായ്മ ചെയ്യുന്നതിനും കെട്ടുറപ്പുള്ള ഒരു മതേതര സമൂഹത്തെ നിലനിർത്തുന്നതിനും ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്.

ആഭ്യന്തര വകുപ്പിന്റെ പദ്ധതികൾ

206 (3717) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ ആരംഭിച്ച ക്ലീൻ കാമ്പസ്, സേഫ് കാമ്പസ്, ബിഗ് ഡാഡി, ഓപ്പറേഷൻ കുബേര തുടങ്ങി വിവിധയിനം അന്വേഷണങ്ങൾക്കായി പ്രഖ്യാപിച്ച പദ്ധതികൾ എന്തെല്ലാം എന്നും, ഓരോ അന്വേഷണപ്രക്രിയകളിലും